## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 7398.** **14.07.2014-ലെ മറുപടിക്ക്**

## ഇടനിലക്കാരെ ഒഴിവാക്കിയുള്ള കാർഷികോൽപ്പന്ന വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. കെ.പി. മോഹനൻ<br><br>കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| **(എ)** ഈ സർക്കാരിന്റെ കാലത്ത് ഇടനിലക്കാരുടെ ചൂഷണമില്ലാതെ കർഷകർക്ക് നേരിട്ട് ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സംവിധാനമൊരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | **(എ)** ഈ സർക്കാരിന്റെ കാലത്ത് ഇടനിലക്കാരുടെ ചൂഷണമില്ലാതെ കർഷകർക്ക് നേരിട്ട് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളായ ആനയറ, നെടുമങ്ങാട്, മരട്, മൂവാറ്റുപുഴ, വേങ്ങേരി, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലും, 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളായ കൊല്ലം - കാളിയൻചന്ത, ആലപ്പുഴ - കോടന്തുരുത്ത്, കോട്ടയം - കുറുപ്പൻത്തറ, ഇടുക്കി -തൊടുപുഴ, തൃശൂർ - പാവറട്ടി എന്നിവിടങ്ങളിലും ഈ സംവിധാനമൊരുക്കിയിട്ടുണ്ട്. |
| **(ബി)** ഈ സംവിധാനത്തിന്റെ പ്രവർത്തന രീതിയും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | **(ബി)** സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും കർഷകർ അവരുടെ ഉല്പന്നങ്ങൾ നേരിട്ടുകൊണ്ടു വന്ന് ലേലം നടത്തി വിറ്റ് ന്യായ വില നേടിയെടുക്കുന്നു. ഇതിനായി ഓരോ വിപണികളിലേയും ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളുടേയും പരിസരത്തുള്ള കർഷകരെ ക്ലസ്റ്ററുകളാക്കിക്കൊണ്ട് അവരുടെ ഉല്പന്നങ്ങൾ പൊതുവായ സ്ഥലത്ത് സംഭരിക്കുകയും അവിടെനിന്നും വാഹനം ക്രമീകരിച്ച് നിശ്ചിത ദിവസങ്ങളിൽ അതാതു വിപണികളിൽ ലേലം നടത്തുന്നതിനായി കൊണ്ടുവരുന്നു. ലേലത്തിനെത്തുന്ന ഉല്പന്നങ്ങൾ ഗുണനിലവാരത്തിനനുസൃതമായി തരം തിരിക്കുകയും |

(.........2)

അതുപ്രകാരം അടിസ്ഥാനവില നിശ്ചയിക്കുകയും ചെയ്യുന്നു. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയാണ് ഓരോ വിപണിയിലും അടിസ്ഥാന വില നിശ്ചയിക്കുന്നത്. എല്ലാ ലേലത്തിലും സർക്കാർ ഏജൻസിയായ ഹോർട്ടിക്കോർപ്പ് പങ്കെടുക്കുന്നതിനാൽ കച്ചവടക്കാർ ഒത്തു ചേർന്ന് വില താഴ്ത്തുവാനുള്ള സാദ്ധ്യത ഒഴിവാക്കുകയും മിച്ചം വരുന്ന ഉല്പന്നങ്ങൾ ഹോർട്ടിക്കോർപ്പ് സംഭരിക്കുകയും ചെയ്യുന്നു.

**(സി)** ഏതെല്ലാം ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനാണ് പ്രസ്തുത സംവിധാനത്തിൽ സൗകര്യമാരുക്കിയത്; വിശദമാക്കുമോ;

**(സി)** പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളാണ് ഈ സംവിധാനത്തിലൂടെ വിറ്റഴിക്കാൻ സാധിക്കുന്നത്.

**(ഡി)** ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

**(ഡി)** സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലേയും വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കർഷകരെ ഇതിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കുമായി മാർക്കറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തിവരുന്നു. 6 കാർഷിക മൊത്ത വ്യാപാര വിപണികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ആനയറ, മൂവാറ്റുപുഴ, വേങ്ങേരി എന്നീ വിപണികളിൽ ശീതീകരണ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ലേലം ചെയ്യുന്നതിനുള്ള പ്രവർത്തനച്ചെലവും കർഷകർക്ക് ഉല്പന്നങ്ങൾ കൊണ്ടുവരുന്നതിനുള്ള ട്രാൻസ്പോർട്ട് സബ്സിഡിയായി കിലോയ്ക്ക് ഒരു രൂപ നിരക്കിൽ നൽകിയും വരുന്നു. പ്രസ്തുത ആവശ്യങ്ങൾക്കായി 2013-14-ൽ 450 ലക്ഷം രൂപ ചെലവഴിച്ചു. 2014-15-ൽ 455 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

അണ്ടർ സെക്രട്ടറി.